**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) &**
**ചീഫ് വൈൽഡ്ലൈഫ് വാർഡൻ, കേരളയുടെ**
**നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത്: ശ്രീ. ഡി. ജയപ്രസാദ് ഐ.എഫ്.എസ്.**

വിഷയം: കേരള വനം വകുപ്പ് - ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുയോജ്യമായ മാർഗ്ഗങ്ങളിലൂടെ കൊന്നു ഇല്ലായ്മ ചെയ്യുവാൻ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11(b) പ്രകാരമുള്ള ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ അധികാരം സർക്കാർ ഉത്തരവ് പ്രകാരം നിയമിതരായ ഓണററി വൈൽഡ്ലൈഫ് വാർഡന്മാർക്കും അധികാരപ്പെട്ട ഉദ്യോഗസ്ഥർക്കും 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 5(2) പ്രകാരം ഡെലിഗേറ്റ് ചെയ്തും കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചും ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന:
1. സർക്കാർ ഉത്തരവ് (കൈ) നം. 29/2022/വനം തീയതി 28-05-2022.
2. സർക്കാർ ഉത്തരവ് (സാധാ) നം. 239/2022/വനം തീയതി 31-05-2022.
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ 31-05-2022 ലെ KFDHQ/3331/2021-CWW/WL11 നമ്പർ ഉത്തരവ്.
4. സർക്കാർ ഉത്തരവ് (കൈ) നം. 11/2023/വനം തീയതി 27-05-2023.
5. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ 30-05-2023 ലെ നടപടി ഉത്തരവ്.
6. സർക്കാർ ഉത്തരവ് (കൈ) നം. 09/2024/വനം തീയതി 25-02-2024.

**ഉത്തരവ് നമ്പർ KFDHQ/3331/2021-CWW/WL11 തീയതി 21.05.2024**

ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുയോജ്യമായ മാർഗ്ഗങ്ങളിലൂടെ കൊന്നു ഇല്ലായ്മ ചെയ്യുവാൻ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ്ലൈഫ് വാർഡന് അഥവാ അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുമതി നൽകി സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ആവശ്യത്തിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മുൻസിപ്പൽ ചെയർപേഴ്സൺമാർ, കോർപ്പറേഷൻ മേയർമാർ എന്നിവരെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 4(1)(bb) പ്രകാരം ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ, മുനിസിപ്പൽ സെക്രട്ടറിമാർ, കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവരെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 4(1)(c) പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥരായും നിയമിച്ചുകൊണ്ട് സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

സൂചന (2) ഉത്തരവിൽ ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുവദനീയമായ മാർഗ്ഗങ്ങളിലൂടെ കൊന്നു ഇല്ലായ്മ ചെയ്യുവാൻ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 11(1)(b) പ്രകാരമുള്ള ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ അധികാരം ഓണററി വൈൽഡ്ലൈഫ് വാർഡന്മാർക്കും അധികാരപ്പെട്ട ഉദ്യോഗസ്ഥർക്കും വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 5(2) പ്രകാരം ഡെലിഗേറ്റ് ചെയ്യുവാനുള്ള നടപടി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡൻ സ്വീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. ആയതിൻപ്രകാരം ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുവദനീയമായ മാർഗ്ഗങ്ങളിലൂടെ കൊന്നു ഇല്ലായ്മ ചെയ്യുവാൻ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 11(1)(b) പ്രകാരമുള്ള ചീഫ് ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, കോർപ്പറേഷൻ മേയർമാർ എന്നിവർക്കും അധികാരപ്പെട്ട ഉദ്യോഗസ്ഥന്മാരായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, മുനിസിപ്പൽ സെക്രട്ടറിമാർ, കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവർക്കും വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 5(2) പ്രകാരം ഡെലിഗേറ്റു ചെയ്തുകൊണ്ട് ഉത്തരവായിരുന്നു. മേൽ ഉത്തരവുകളുടെ കാലാവധി സൂചന (4), (5) എന്നിവ പ്രകാരം ഓരോ വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

സൂചന (4) സർക്കാർ ഉത്തരവിന്റെ കാലാവധി 27-05-2024-ന് അവസാനിക്കുന്നതും കേന്ദ്ര വന്യജീവി നിയമത്തിലെ വകുപ്പ് 62 പ്രകാരം കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന പ്രമേയം സംസ്ഥാന നിയമസഭ 2024 ജനുവരി 14-ന് ഐകകണ്ഠേന പാസ്സാക്കിയിട്ടുണ്ട് എന്നതു കണക്കിലെടുത്തുകൊണ്ടും ബന്ധപ്പെട്ട അധികാരങ്ങൾ ദീർഘിപ്പിച്ചു നൽകേണ്ട സാഹചര്യം നിലവിലുള്ളതിനാലും ടി സർക്കാർ ഉത്തരവിന്റെ കാലാവധി 28-05-2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു സൂചന (6) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ സൂചന (5) ഉത്തരവിന്റെ കാലാവധിയും 28-05-2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡനായ ഡി. ജയപ്രസാദ് ഐ.എഫ്.എസ് എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

ഇക്കാര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. ഇപ്രകാരം കാട്ടുപന്നികളെ കൊല്ലുന്ന വേളകളിൽ മനുഷ്യജീവനും സ്വത്തിനും വളർത്തു മൃഗങ്ങൾക്കും ഇതര വന്യജീവികൾക്കും നാശനഷ്ടം ഉണ്ടാകുന്നില്ല എന്നു ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

2. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്.

3. കൊല്ലപ്പെട്ട കാട്ടുപന്നികളുടേയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടേയും വിവരങ്ങൾ അതാത് തദ്ദേശ-സ്വയംഭരണ സ്ഥാപനത്തിൽ ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്. ഓരോ മാസവും കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെ വിവരം തദ്ദേശ-സ്വയംഭരണ സ്ഥാപനം തൊട്ടടുത്ത റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

4. ജനജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊല്ലുന്നതിനും ജഡം യഥാവിധി സംസ്കരിക്കുന്നതിലും മേൽ പ്രസ്താവിച്ച അധികാരസ്ഥാനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.

5. മേൽപ്രകാരം ജനവാസ മേഖലകളിൽ മനുഷ്യജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ്ലൈഫ് വാർഡനോ അധികാരപ്പെട്ട ഉദ്യോഗസ്ഥനോ അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിനോ അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിനോ അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് നൽകാവുന്നതാണ്. മനുഷ്യജീവനും മറ്റു വന്യജീവികൾ, വളർത്തുമൃഗങ്ങൾ എന്നിവയ്ക്കും അപകടം സംഭവിക്കാതിരിക്കുന്നതിനായി വിഷപ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്കേല്പിക്കൽ എന്നിവ ഒഴികെയുള്ള മറ്റു രീതികളിൽ ഇത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാവുന്നതാണ്.

6. ബന്ധപ്പെട്ട ഉത്തരവുകളിൽ പരാമർശിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നുവെന്ന് അനുമതി നൽകുന്ന ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

7. കാട്ടുപന്നികളുടെ ജഡം യഥാവിധി സംസ്കരിക്കുന്നതിന്റെ വീഡിയോ, ഫോട്ടോ എന്നി എടുത്ത് സൂക്ഷിക്കുന്നത് ഉചിതമായിരിക്കും.

8. ഇത് സംബന്ധമായി തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്റർ ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന പക്ഷം പരിശോധനകൾക്കായി ഹാജരാക്കേണ്ടതാണ്.

**ഡി. ജയപ്രസാദ് ഐ.എഫ്.എസ്.**
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) &
ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ, കേരള

പകർപ്പ്:

1. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ-സ്വയംഭരണ വകുപ്പിന് ആമുഖ കത്ത് സഹിതം
2. പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പിന് ആമുഖ കത്ത് സഹിതം
3. സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം, തിരുവനന്തപുരത്തിന് ആമുഖ കത്ത് സഹിതം
4. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
5. ജില്ലാ കളക്ടർമാർ
6. ഡയറക്ടർ, നഗരകാര്യ വകുപ്പ്
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരത്തിന് ആമുഖ കത്ത് സഹിതം
8. പൊതുഭരണം (എസ്. സി.) വകുപ്പ്
9. വിവര, പൊതുജന സമ്പർക്ക, വെബ് & ന്യൂ മീഡിയ വകുപ്പ്
10. കരുതൽ ശേഖരം/ഓഫീസ് കോപ്പി

പകർപ്പ്: ബഹു. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് ആമുഖ കത്ത് സഹിതം.